ശ്രീ. കുട്ടപ്പൻ : അവയെപ്പറ്റി ഒരു പരസ്യാന്വേഷണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള : ഉദ്ദേശിക്കുന്നില്ല.

ശ്രീ. കെ. കരുണാകരൻ : എ. ഡി. കാട്ടൻമില്ലിൽ ലാത്തിച്ചാർജിനു് കാരണം വല്ല തുമുണ്ടായിരുന്നോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള : ഉണ്ടായിരുന്നു. പോലീസുകാരെ കൈയ്യേറ്റം നടത്തി. പല അനിഷ്ടസംഭവങ്ങളും അതിനെത്തുടർന്നുണ്ടായി. പോലീസുകാർ സ്വരക്ഷയ്ക്കുവേണ്ടി ലാത്തിച്ചാർജ്ജു നടത്തി.

ശ്രീ. സി. സി. പ്രസാദ് : ഈ സംഭവത്തെപ്പറ്റി ഒരു പരസ്യാന്വേഷണം നടത്താനുദ്ദേശിക്കുന്നുണ്ടോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള : ഇല്ല.

നെല്ലെടുപ്പ്

*൨൪൩൯. (൬൪) ശ്രീ. കെ. കുട്ടപ്പൻ. താഴെ പറയുന്ന ചോദ്യത്തിനു് ബഹു മാനപ്പെട്ട ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

യഥാർത്ഥമായി സർക്കാരിനു നെല്ലു കൊടുക്കുവാനുള്ള പലരും നെല്ലു കൊടുക്കുന്നില്ലെന്നുള്ള വിവരം ഗവണ്മെൻറിനറിയാമോ? നെല്ലു കൊടുക്കാത്തവരുടെപേരിൽ എന്തു നടപടിയാണു് എടുക്കുവാനുദ്ദേശിക്കുന്നതെന്നു പറയാമോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള : അങ്ങനെ വർത്തമാനമുണ്ടു്. അതിനെപ്പറ്റി സൂക്ഷ്മമായി അറിവു ലഭിക്കുന്നപക്ഷം ആ നെല്ലെല്ലാം എടുക്കുന്നതിനു നടപടി എടുക്കുന്നതാണു്. അവരുടെ കൈവശമുള്ള സ്ഥലങ്ങളിൽ പ്രവേശിച്ചു് അപ്രകാരം നെല്ലു് സൂക്ഷിച്ചുവച്ചിരിക്കുന്ന സ്ഥലങ്ങളും പരിശോധിച്ചു് അവയെ മുദ്രവയ്ക്കുന്നതിനും ആവശ്യമുള്ളപക്ഷം മറ്റു നടപടികളും കൈക്കൊള്ളുന്നതിനും ഉദ്യോഗസ്ഥന്മാർക്കു് അധികാരം നൽകിയിട്ടുണ്ടു്.

ശ്രീ. കെ. കുട്ടപ്പൻ : അങ്ങനെ ആരുടെ പേരിലെങ്കിലും നടപടി എടുത്തിട്ടുണ്ടോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള : ഉണ്ടു്.

ശ്രീ. ഇട്ടീര അമ്മുക്കൻ : നെല്ലെടുപ്പുദ്യോഗസ്ഥന്മാർ രാത്രികാലങ്ങളിൽ അന്യ ആളുകളുടെ വീട്ടിൽ പ്രവേശിക്കുവാൻ അധികാരമുണ്ടോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള : അതിനധികാരമില്ല. എന്നാൽ ഈ ആവശ്യങ്ങൾക്കു് എന്തെങ്കിലും സംശയം തോന്നുന്നപക്ഷം അങ്ങനെയുള്ള സ്ഥലങ്ങളിൽ പ്രവേശിക്കുന്നതിനു് അവർക്കു് അധികാരമുണ്ടു്.

ശ്രീ. പി. കെ. ഡീവർ : അങ്ങനെ എത്ര സ്ഥലങ്ങളിൽ പ്രവേശിച്ചിട്ടുണ്ടു്?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള : പല സ്ഥലങ്ങളിലും പ്രവേശിച്ചിട്ടുണ്ടു്.

WRITTEN ANSWERS

കുണ്ടുപുരം മുൻസിഫ് കോടതി

*൨൭൭൦. (൬൪) ശ്രീ. കെ. കുട്ടപ്പൻ : താഴെ കാണുന്ന ചോദ്യത്തിനു് ബഹു മാനപ്പെട്ട ജുഡീഷ്യൽ വകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

കുണ്ടുപുരം മുൻസിഫ് കോടതി ഇപ്പോൾ സ്ഥിതിചെയ്യുന്ന സ്ഥലത്തുനിന്നും മാറ്റി സ്ഥാപിക്കുന്നതിനുദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എവിടെയെന്നും അതിനുള്ള കാരണമെന്തെന്നും പറയുമോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള : ഇല്ല.

PUBLIC SERVICE COMMISSION

***2441.** [67] **Sri. P. T. Chacko :** Will the Hon'ble the Chief Minister be pleased to state.—

whether it is a fact that the Public Service Commission have registered their protest in the matter of Government interference in their work or regarding any action of the Government?

Th Hon'ble Sri. T. K. Narayana Pillai : No.

LIBRARY ARCHIVES Kerala Legislative Assembly